(സി) ഫസ്റ്റ് ക്ലാസ് എം.എസ്സ്.സി./ഫസ്റ്റ്ക്ലാസ് ബി.ഇ./ഫസ്റ്റ്ക്ലാസ് ബി ടെക്(70% ശരാശരി മാർക്ക്)

(ഡി) രണ്ടുപേർക്ക്.

(ഇ) അനർട്ടിൽ ശാസ്ത്രജ്ഞന്മാരായി നിയമിക്കപ്പെട്ടശേഷം ഇവർ നടത്തിയിട്ടുള്ള കണ്ടുപിടിത്തങ്ങൾ ഇവരുടെ ഗവേഷണ പ്രബന്ധങ്ങൾ എന്നിവ അനുബന്ധം II† (എ) ആയി ചേർത്തിരിക്കുന്നു.

(എഫ്) പേറ്റന്റുകൾ നേടുകയോ അവയ്ക്ക് അപേക്ഷ സമർപ്പിക്കുകയോ ഉണ്ടായിട്ടില്ല. കൂടാതെ കണ്ടുപിടിത്തങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ മറ്റ് വ്യവസായസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുമില്ല.

(ജി) അനർട്ടിൽ ഇപ്പോൾ നടത്തിവരുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ ലിസ്റ്റ് അനുബന്ധം II† (ബി) ആയി ചേർത്തിരിക്കുന്നു.

(എച്ച്) ഇക്കാര്യത്തിലേയ്ക്കായി ഗവേഷണ ഉപദേശക സമിതി നിലവിലുണ്ട്.

(ഐ) അനർട്ടിൽ ഇപ്പോൾ നടത്തിവരുന്ന ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന് ശേഷമേ ഇക്കാര്യം സംബന്ധിച്ച് തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

സൂര്യവിളക്കുകൾ നൽകുന്നതിൽ അനർട്ടുമായുള്ള കരാർ

14 (1482) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ വണ്ണപ്പുറം പഞ്ചായത്തിൽ സൂര്യവിളക്കുകൾ നൽകുന്നതിന് ജനങ്ങളുമായി കരാർ ഉണ്ടാക്കിയ അനർട്ട് സൂര്യറാന്തൽ വിളക്കുകളും മറ്റും നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ചുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കരാർ അനുസരിച്ച് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിരുന്നുവോ ; എന്തെല്ലാമായിരുന്നു ബന്ധപ്പെട്ട കരാറുകളിലെ ധാരണകൾ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പഞ്ചായത്തിൽ, ബാക്കി കൊടുക്കാനുള്ള വിളക്കുകൾ എത്ര ദിവസത്തിനകം കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ)&(ബി) 26-2-2001-ലെ 5/2001/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവുപ്രകാരം കേന്ദ്രഗവൺമെന്റിന്റെ പ്രത്യേക ധനസഹായത്തോടെ അനർട്ടും ത്രിതലപഞ്ചായത്തും സംയുക്തമായി വൈദ്യുതീകരിക്കാത്ത പിന്നോക്ക/മലയോരമേഖലകളിൽ സൂര്യവൈദ്യുതി എത്തിക്കുന്ന പദ്ധതിയുടെ ഒന്നാംഘട്ടം 2000-01 വർഷത്തിൽ

† അനുബന്ധം II 'എ'& II 'ബി'

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ആയതിൻപ്രകാരം വണ്ണപ്പുറം പഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത പിന്നോക്ക മലയോരപ്രദേശങ്ങളിലെ 849 കുടുംബങ്ങളിൽ സൗരവൈദ്യുതി എത്തിക്കുന്നതിനായി, കേന്ദ്രസംസ്ഥാന സർക്കാർ വിഹിതമായി 52,63,800 രൂപയും ത്രിതലപഞ്ചായത്തുകളുടെ വിഹിതമായി 57,73,200 രൂപയും ഉൾപ്പെടെ ആകെ 110,37,000 രൂപയുടെ പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പഞ്ചായത്തുകളിൽനിന്നും ലഭിക്കേണ്ടിയിരുന്ന 57,73,200 രൂപയിൽ 11,13,000 രൂപ മാത്രമേ ലഭിച്ചുള്ളൂ. (180 കുടുംബങ്ങളിൽ സൗരവൈദ്യുതി എത്തിക്കുന്നതിനുള്ള തുകമാത്രം) എന്നാൽ അവികസിത/പിന്നോക്ക വൈദ്യുതീകരിക്കാത്ത മേഖല എന്ന പരിഗണന നൽകി അനർട്ട് 461 കുടുംബങ്ങൾക്കു കൂടി സൗരവൈദ്യുതി എത്തിക്കുന്നതിന് ശ്രമിച്ചു. അങ്ങനെ ആകെ 67,21,400 രൂപ മുടക്കി 641 കുടുംബങ്ങളിൽ സൗരവൈദ്യുതി എത്തിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ വിഹിതം പൂർണ്ണമായി ലഭിക്കാത്ത സാഹചര്യത്തിൽ സൗരവൈദ്യുതീകരണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

(സി) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയുള്ള പ്രസ്തുത പദ്ധതി പഞ്ചായത്തു വിഹിതം കൂടി ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. പഞ്ചായത്തുവിഹിതം വരുന്ന മുറയ്ക്ക് പദ്ധതി നടത്തിപ്പ് സുഗമമാക്കുന്നതിനുവേണ്ടി ബോധവൽക്കരണവും സൊസൈറ്റി രൂപീകരണവും നടത്തിയിട്ടുള്ളതാണ്. ഇത് ഒരു കരാറിന്റേയും ഭാഗമല്ല.

(ഡി) കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിയ ഈ പദ്ധതിയുടെ ഒന്നാംഘട്ടവും രണ്ടാം ഘട്ടവും പൂർത്തീകരിച്ചു കഴിഞ്ഞു.

കുന്തിപ്പുഴയിൽ മണലെടുക്കുന്നത് നിരോധിക്കണമെന്ന നിവേദനം

15 (1483) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്, മലപ്പുറം ജില്ലകളുടെ അതിർത്തിയിലൂടെ കടന്നുപോകുന്ന കുന്തിപ്പുഴയിൽ പുലാമന്തോൾ പാലത്തിനു താഴെ എടപ്പാലം വരെ മണലെടുക്കുന്നത് നിരോധിക്കണമെന്ന് പറഞ്ഞ് സെസ്സിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ നദിയുടെ നാശത്തിന് കാരണമാകുന്നതും പുലാമന്തോൾ പാലത്തിനും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും ഭീഷണിയാവുന്നതുമായ ഇവിടങ്ങളിലെ മണലെടുപ്പിന് അനുവാദം നിഷേധിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 12(5) പ്രകാരം ഏതെങ്കിലും പാലത്തിൽ നിന്നോ ഏതെങ്കിലും ജലസേചന പദ്ധതിയിൽ നിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ യാതൊരു മണൽവാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly